കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനം

131 (2609) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ഫൈനാൻഷ്യൽ എന്റർപ്രൈസസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) കെ. എസ്. എഫ്. ഇ. ജീവനക്കാരുടെ ക്ഷേമത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) കെ. എസ്. എഫ്. ഇ. യിൽ ചിട്ടികൾ ക്യാൻവാസ് ചെയ്ത് നൽകുന്നവർക്ക് (ഏജന്റ്മാരെ കൂടാതെ) കമ്മീഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർ പ്രൈസസ്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

2008-ൽ കെ.എസ്.എഫ്.ഇ.യ്ക്ക് സ്വയംഭരണാവകാശം ലഭിച്ചതനുസരിച്ച് ഒരിക്കൽ ബജറ്റ് അംഗീകരിച്ചാൽ അതിനുള്ളിൽ നിന്ന് പ്രവർത്തിക്കാനുള്ള സാമ്പത്തികാധികാരവും നയപരമായ അധികാരവും കെ.എസ്.എഫ്.ഇ.-യ്ക്ക് ലഭിക്കുകയുണ്ടായി. ഇതനുസരിച്ച് ബിസിനസ്സിലും ശാഖകളുടെ എണ്ണത്തിലും വർദ്ധനവുണ്ടായി മാത്രമല്ല ബ്രാൻഡഡ് ചിട്ടികൾ ഉൾപ്പെടെ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും അതിലൂടെ ചിട്ടിവരിക്കാരുടെ എണ്ണം 7 ലക്ഷത്തിൽ നിന്ന് 14 ലക്ഷത്തോളം ആയി ഉയർത്താനും കമ്പനിയ്ക്ക് കഴിഞ്ഞു. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ചു മേഖലാ ഓഫീസുകൾക്കു പുറമേ കണ്ണൂർ, കോട്ടയം എന്നീ രണ്ടു മേഖലാ ഓഫീസുകൾ പുതുതായി കൊണ്ടുവരികയുണ്ടായി. ഇത് കെ.എസ്.എഫ്.ഇ.യുടെ ബിസിനസ്സ് വലിയതോതിൽ വർദ്ധിപ്പിക്കുന്നതിന് കാരണമായി. പുതുതായി നിലവിൽവന്ന കണ്ണൂർ റീജിയൺ ശതമാനാടിസ്ഥാനത്തിൽ രണ്ടാം സ്ഥാനത്താണ്. സ്ഥാപനത്തെ ബിസിനസ്സ്, ഫിനാൻസ്, പേഴ്സണൽ ആൻഡ് ഹ്യൂമൻ റിസോഴ്സ്, ഇന്റേണൽ ഓഡിറ്റ് ആന്റ് റിജിലൻസ് എന്നീ നാലു ഡിപ്പാർട്ടുമെന്റുകളിലായി വികേന്ദ്രീകരിക്കപ്പെട്ട് പ്രവർത്തിക്കാൻ തുടങ്ങിയത് കെ.എസ്.എഫ്.ഇ.യുടെ ആധുനികവത്കരണത്തിന്റെ നേട്ടമാണ്. പുതുതായി അവതരിപ്പിച്ച എ.ജി.എം, ഡി.ജി.എം. തസ്തികകൾ പ്രവർത്തന സജ്ജമായതോടെ കമ്പനിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ചിട്ടയുള്ളതുമായി.

കേന്ദ്രീകൃത സംവിധാനത്തിനു കീഴിൽ പൂർണ്ണ തോതിലുള്ള കമ്പ്യൂട്ടർ വൽകൃത സേവനം ഏറ്റവും നല്ല നിലയിൽ ഇടപാടുകാർക്ക് നൽകുന്നതിനായി കെ.എസ്.എഫ്.ഇ. ശാഖകളുടെ കമ്പ്യൂട്ടറൈസേഷൻ ത്വരിതഗതിയിൽ നടന്നു വരുന്നു. ഇതുവരെ 201 ശാഖകൾ കമ്പ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ചിട്ടി ബിസിനസ്സ് വികസനത്തിനും കാര്യക്ഷമമായ നടത്തിപ്പിനുമായി ഏജൻസി വ്യവസ്ഥ വിപുലപ്പെടുത്തുകയുണ്ടായി. ഇപ്പോൾ ചിട്ടി പദ്ധതിയിൽ വരിക്കാരെ ചേർക്കാനും ചിട്ടിപ്പണം വീട്ടുപടിയ്ക്കൽ വന്നു ശേഖരിയ്ക്കാനുമായി 2800-ഓളം ചിട്ടി കൃാൻവാസ്സിംഗ് ഡിസ്ട്രിക്ട് ഏജന്റുമാർ കെ.എസ്.എഫ്.ഇ.-യ്ക്കു വേണ്ടി കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു.

കെ.എസ്.എഫ്.ഇ.യുടെ പദ്ധതികളിൽ എല്ലാ ജനവിഭാഗങ്ങളേയും ഉൾപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായി ആൾജാമ്യവ്യവസ്ഥയിൽ ഗണ്യമായ ഉദാരവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. സ്വയംതൊഴിൽ കണ്ടെത്തി ജീവിതം നയിക്കുന്ന ചെറിയ വരുമാനക്കാർ, പ്രൊഫഷണൽസ്, വ്യാപാരികൾ, ആദായ നികുതിദായകർ എന്നിവർക്കും ചിട്ടികളിൽ ജാമ്യം നിൽക്കാനുള്ള സൗകര്യം ഉണ്ട്.

ഉദ്യോഗസ്ഥ ജാമ്യവ്യവസ്ഥകളിൽ ശമ്പളത്തിനുപുറമേ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, ആശ്രിതരുടെ എണ്ണം, പങ്കാളിയുടെ വരുമാനം സ്ഥാവര സ്വത്ത് തുടങ്ങിയ കാര്യങ്ങളെ അടിസ്ഥാനമാക്കി സ്കോറിംഗ് സമ്പ്രദായംവഴി ചിട്ടി ജാമ്യത്തിന്റെ പരിധി ഉയർത്താനുള്ള സൗകര്യമുണ്ട്.

വസ്തു ഈടായി സ്വീകരിക്കാനുള്ള ബാദ്ധ്യതയുടെ പരിധി 25 ലക്ഷം രൂപയിൽനിന്ന് ഒരു കോടി രൂപയായി വർദ്ധിപ്പിച്ചു. വിപണിയിലെ വിലയ്ക്കനുസൃതമായ നിർണ്ണയം ഉറപ്പാക്കാൻ മൂല്യനിർണ്ണയത്തിൽ പ്രാവീണ്യമുള്ള വാല്യൂവർമാരേയും ഉൾപ്പെടുത്തുന്ന രീതി നടപ്പിലാക്കി. കൂടാതെ വസ്തുവിന്റെ അംഗീകൃത വില ബാദ്ധ്യതയ്ക്ക് തികയാതെവരുന്ന സാഹചര്യങ്ങളിൽ ബാദ്ധ്യതയിന്മേൽ 10 ശതമാനംവരെ ഇളവുചെയ്യാറുമുണ്ട്.

(ബി) കെ.എസ്.എഫ്.ഇ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലാനുസൃതമായി ഗണ്യമായ വേതന വർദ്ധനവോടെയും മറ്റാനുകൂല്യങ്ങളോടുകൂടിയും പരിഷ്കരിച്ചിട്ടുണ്ട്. കൂടാതെ അവരുടെ കുട്ടികളുടെ ഉപരിപഠനത്തിന് സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്. കലാകായിക രംഗങ്ങളിൽ അവരുടെ പ്രശംസാർഹമായ നേട്ടങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്.

(സി) കെ.എസ്.എഫ്.ഇ.യിൽ ഇപ്പോൾ തന്നെ 3000-ത്തോളം കൃാൻവാസ്സിംഗ് കളക്ഷൻ ഏജന്റുമാർ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അതുകൊണ്ട് ചിട്ടികൾ കൃാൻവാസ്സ് ചെയ്ത് നൽകുന്ന ഏജന്റുമാർ അല്ലാത്തവർക്ക് കമ്മീഷൻ നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കേരള സ്റ്റേറ്റ് ഹിനാൻഷ്യൽ എന്റർപ്രൈസസ്സിന്റെ സേവനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ

132 (2610) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്സിന്റെ സേവനം കൂടുതൽ മേഖലകളിൽ വ്യാപിപ്പിക്കുന്നതിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly